പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7987 　　　　24.07.2012 -ലെ മറുപടി

കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം

ചോദ്യം

ശ്രീ. ജോസ് തെറ്റയിൽ
" മാത്യു. റ്റി. തോമസ്

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; 2012 ജൂൺ മാസത്തെ വരവും ചെലവും തമ്മിലുള്ള അന്തരം എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്.<br>2012 ജൂൺ മാസത്തെ വരവും ചെലവും തമ്മിലുള്ള അന്തരം 52.06 കോടി രൂപയാണ്. |
| (ബി) | കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ വിപുലീകരിക്കുക എന്നുള്ളത് സർക്കാരിന്റെ നയമാണോ; | (ബി) | കെ.എസ്.ആർ.ടി.സി.പ്രധാനമായും സർവ്വീസ് നടത്തുന്നത് ദേശസാൽകൃത മേഖലയിലും നോട്ടിഫൈഡ് റൂട്ടുകളിലുമാണ്. പ്രതിവർഷം 1,000 പുതിയ ബസ് നിരത്തിലിറക്കി 600 പുതിയ സർവ്വീസുകൾ ആരംഭിക്കുക എന്നതാണ് കെ.എസ്.ആർ.ടി.സി. ലക്ഷ്യമിട്ടിരിക്കുന്നത്. പുതിയ ബസ് നിരത്തിലിറക്കുന്നതോടു കൂടി ദേശസാൽകൃത റൂട്ടുകളിലും നോട്ടിഫൈഡ് റൂട്ടുകളിലും കെ.എസ്.ആർ.ടി.സി സർവ്വീസ് ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. പുറമെ, കെ.എസ്.ആർ.ടി.സി.യുടെ വിപുലീകരണം ലക്ഷ്യമിട്ട് എറണാകുളം, തൃശ്ശൂർ, കോഴിക്കോട് നഗരങ്ങളിൽ സിറ്റി സർവ്വീസ്സുകൾ ആരംഭിക്കുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | നിലവിലുള്ള സർവ്വീസുകൾ ദിനംപ്രതി കാൻസൽ ചെയ്യുവാനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ? | (സി) | പരിശോധിച്ചിട്ടുണ്ട്.<br>ഷെഡ്യൂൾ ക്യാൻസലേഷൻ മുൻകാലങ്ങളേക്കാൾ വളരെ കുറവാണെന്ന് കാണുന്നു. |

സെക്ഷൻ ഓഫീസർ